# സഹസ്രാബ്ദവാഴ്ച

By. Y. Ezekiel

കർത്താവായ യേശുക്രിസ്തു ആയിരം ആണ്ടു രാജാവായി ഈ ഭൂമിയിൽ വാഴുന്നതിനെക്കുറിച്ചാണു് സഹസ്റാബ്ദവാഴ്ച എന്നു പറയുന്നതു്. അതിനെക്കുറിച്ചു ക്രിസ്തീയഗോളത്തിൽ വിവിധ പഠിപ്പിക്കലുകൾ ഉണ്ടായിട്ടുണ്ടു്. അവയനുസരിച്ചു് അവസ്ഥ പേരുകളും ഉണ്ടു്.

## പേരുകൾ

Millennialist, സഹസ്റാബ്ദവാദി എന്നതു് പൊതുവായ പേരാണു്. ഇതു് ലത്തീൻവാക്കാണു്. Mille, Annus എന്നീ പദങ്ങൾ ചേർന്നുണ്ടായതാണു്.

Premillennialist, സഹസ്റാബ്ദാൽപൂർവ്വവാദി. സഹസ്റാബ്ദവാഴ്ചയ്ക്കുമുമ്പു കർത്താവു വരും എന്നുള്ള വാദമാണിതു്. കർത്താവിൻെറ വരവിനെ കേന്ദ്രമാക്കിക്കൊണ്ടാണു ചില പേരുകൾ കൊടുത്തിട്ടുള്ളതു്.

Postmillennialist, സഹസ്റാബ്ദാൽപരവാദി. സഹസ്റാബ്ദവാഴ്ച കഴിഞ്ഞിട്ടു കർത്താവു വരും എന്നുള്ള പഠിപ്പിക്കലാണിതു്. ഇവർ സഭാകാലത്തുതന്നേ സഹസ്റാബ്ദവാഴ്ചയും നടക്കുന്നു എന്നുപറയുന്നു. അവർക്കു് Promillennialist എന്നും പറയും. സഭാകാലവും സഹസ്റാബ്ദവാഴ്ചയും ഒരുമിച്ചുപോകുന്നു എന്നാണാശയം.

**Amillennialist**, സഹസ്രാബ്ദനിഷേധികളും ഉണ്ട്. സഹസ്രാബ്ദവാഴ്ച എന്ന ഒരു കാര്യമേയില്ലാ എന്നവർ പറയുന്നു.

**Antimillennialist**, സഹസ്രാബ്ദവിരോധികളും ഉണ്ട്. ഈ വിഷയത്തെ പാടെ നിഷേധിച്ചു വിരോധിച്ചു നിൽക്കുന്നവർ. ഇങ്ങനെ വിവിധപേരുകളും പേരുകാരും ഉണ്ട്.

## വിവിധ പഠിപ്പിക്കലുകൾ

1. ഈ കൃപായുഗത്തിന്റെ ആരംഭംമുതൽ ആയിരമാണ്ടുവാഴ്ച തുടങ്ങി. ക്രിസ്തീയജീവിതം ആയിരം ആണ്ടുവാഴ്ചയാണ് എന്ന് എടുക്കുന്നതാണത്.

2. എ.ഡി. 323—ൽ കുസ്തന്തീനോസ് റോമിലെ ചക്രവർത്തിയായി. തന്റെ മാനസാന്തരത്തോടുകൂടി ക്രിസ്തുമാർഗ്ഗം രാജകീയമതമായി അംഗീകരിക്കപ്പെട്ടു. അതുനിമിത്തം ക്രിസ്തുമതത്തിന് അഭൂതപൂർവ്വമായ വളർച്ചയുണ്ടായി. മതപീഡനം അവസാനിച്ചു. തന്നിമിത്തം അതുമുതൽ ആയിരം ആണ്ടു വാഴ്ചതുടങ്ങി എന്ന പഠിപ്പിക്കൽ ഉണ്ടായി. അതാണു മറെറാരു വ്യാഖ്യാനം.

3. വിശ്വാസികൾ കർത്താവിനോടുകൂടെ നിത്യമായി ജീവിക്കുവാനുള്ള അനുഭവത്തെ ആയിരം ആണ്ടു വാഴ്ച എന്നുള്ള വാക്കിനാൽ വെളിപ്പെടുത്തിയിരിക്കുന്നു എന്നതാണു വേറൊരു വ്യാഖ്യാനം. അന്തമില്ലാത്ത നിത്യ അനുഭവത്തെ അതു കുറിക്കുന്നു എന്നതാണ്.

4. ഇതു സഹസ്രാബ്ദവാഴ്ചതന്നെ. പക്ഷേ, ഭൂമിയിലുള്ളതല്ല. സ്വർഗ്ഗത്തിൽ നാം കഴിക്കുവാൻപോകുന്ന ഒരു ഇടക്കാല വാഴ്ചയാണ്. അതാണു മറെറാരു വ്യാഖ്യാനം.

5. കർത്താവിൻെറ രണ്ടാംവരവിനുശേഷം ഈ ഭൂമിയിൽതന്നേ നടക്കുന്നേതും അക്ഷരീയവുമായ വാഴ്ചക്കാലമാണു്. അതാണു വചനാനുസരണമായ പഠിപ്പിക്കൽ.

വെളി. 20:1 മുതൽ 10 വരെ വാക്യങ്ങളാണു് ഇതിനെക്കുറിച്ചു വ്യക്തമായിപ്പറയുന്ന ഭാഗം. അതു നോക്കുമ്പോഠം അതിനെക്കുറിച്ചുള്ള പൊതുവായ ധാരണ നമുക്കു ലഭിക്കും. വെളിപ്പാടുപുസ്തകം ഭാവിപരിപാടികളെക്കുറിച്ചുള്ള ദൈവികവെളിപ്പാടാണു്.

അതിൽ 1, 2, 3 അദ്ധ്യായങ്ങഠം സഭാകാലത്തെക്കുറിച്ചു വെളിപ്പെടുത്തുന്നു. 4:1—ൽ 'ഇവസ്സുശേഷം സംഭവിപ്പാനുള്ളവ ഞാൻ നിന്നെ കാണിക്കാം' എന്നു കർത്താവു പറയുന്നു. ആകയാൽ 4 മുതൽ 19 വരെ അദ്ധ്യായങ്ങഠം മഹാപീഡനകാലസംഭവങ്ങഠം കാണിച്ചതാണു്. സഭാകാലം കഴിഞ്ഞു പീഡനകാലം വരും എന്നു തെളിയിച്ചു. 20:1–10 വരെ സഹസ്റാബ്ദവാഴ്ചയെക്കുറിച്ചുള്ള വെളിപ്പാടാണു്. ആകയാൽ സഭാകാലവും മഹാപീഡനകാലവും കഴിഞ്ഞിട്ടു് സഹസ്റാബ്ദവാഴ്ച നടക്കും എന്നു കാണിക്കുന്നു. അതു കഴിഞ്ഞാണു് വെളി. 20:11–15 വരെ കാണിക്കുന്ന അന്ത്യന്യായവിധി. അതുകഴിഞ്ഞിട്ടാണു് 21:1 മുതൽ 22:5 വരെ കാണിക്കുന്ന പുതിയ ആകാശഭൂമികളുടെ കാലം എന്നു തെളിയിച്ചിരിക്കുന്നു. ഈ വെളിപ്പാടിനെ ആധാരമാക്കിക്കൊണ്ടു് സഹസ്റാബ്ദവാഴ്ചയെക്കുറിച്ചു നോക്കാം. വെളി. 20:1–10:—

"അനന്തരം ഒരു ദൂതൻ അഗാധത്തിൻെറ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽ പിടിച്ചുകൊണ്ടു സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങുന്നതു ഞാൻ കണ്ടു. അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു് ആയിരംആണ്ടേക്കു ചങ്ങലയിട്ടു. ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ അവനെ അഗാധത്തിൽ (അഗാധകൂപത്തിൽ) തള്ളിയിട്ടു് അ

ടച്ചുപൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു. അതിന്റെ ശേഷം അവനെ അല്പകാലത്തേക്ക് അഴിച്ചുവിടേണ്ടതാകുന്നു.

ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്നവർക്കു ന്യായവിധിയുടെ അധികാരം കൊടുത്തു;......അവർ ജീവിച്ച് ആയിരമാണ്ടു ക്രിസ്തുവിനോടുകൂടെ വാണു. മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ടു കഴിയുവോളം ജീവിച്ചില്ല. ഇതു് ഒന്നാമത്തെ പുനരുത്ഥാനം. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെമേൽ രണ്ടാംമരണത്തിന്നു് അധികാരം ഇല്ല. അവർ ദൈവത്തിന്നും ക്രിസ്തുവിന്നും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടു വാഴും.

ആയിരംആണ്ടു കഴിയുമ്പോഴോ സാത്താനെ തടവിൽനിന്നു് അഴിച്ചുവിടും; അവൻ ഭൂമിയിലെ നാലുദിക്കിലുമുള്ള ജാതികളായി സംഖ്യയിൽ കടൽപുറത്തെ മണൽപോലെയുള്ള ഗോഗ്, മാഗോഗ് എന്നവരെ യുദ്ധത്തിന്നായി കൂട്ടിച്ചേർക്കേണ്ടതിന്നു വശീകരിപ്പാൻ പുറപ്പെടും. അവർ ഭൂമിയിൽ പരക്കെച്ചെന്നു വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയനഗരത്തെയും വളയും; എന്നാൽ ആകാശത്തുനിന്നു തീ ഇറങ്ങി അവരെ ദഹിപ്പിച്ചുകളയും. അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും''.

സഹസ്്റാബ്ദത്തിന്നു് ആരംഭവും അവസാനവും ഉള്ളതുകൊണ്ടു് അതു നിത്യവാഴ്ചയല്ലാ എന്നതു തീർച്ചയാണ്. ഭൂമിയിലെ നാലുദിക്ക്, ജാതികൾ എന്നെല്ലാം പറയുന്നതുകൊണ്ടു് ഇതു സ്വർഗ്ഗത്തിലേതല്ല ഭൂമിയിലേതാണെന്നുള്ളതു ശരിയാണ്. ആകയാൽ സ്വർഗ്ഗത്തിലെ വാഴ്ചയല്ലാ ഇതു് എന്നതും നിശ്ചയമാണ്. ആയിരം ആണ്ടുകൾ സാത്താൻ ബന്ധിക്കപ്പെട്ടിരിക്കും. എന്നാൽ ഇന്നു സാത്താൻ ഉണ്ടു്. എഫെ. 6:12; 1 പത്രോ. 5:8. ആകയാൽ പെന്തെക്കോസ്തുമുതലും കന്സ്തന്തീനോസിന്റെ കാലംമുതലും സഹസ്രാബ്ദമല്ല. ഇന്നത്തെ യുദ്ധങ്ങളു

യാൽ ഇക്കാലമൊന്നും സഹസ്റാബ്ദവാഴ്ചയല്ല. അക്ഷരപ്രകാരം സഹസ്റാബ്ദവാഴ്ച ഉണ്ടായേ മതിയാകുകയുള്ളു.

## സഹസ്റാബ്ദവാഴ്ചയുടെ ആവശ്യം

1) ദൈവം അബ്രാഹാമിനോടും അവൻെറ സന്തതിയോടും അനേകം വാഗ്ദത്തങ്ങൾ ചെയ്തു. അവ മിക്കവാറും എല്ലാം ഭൗമികമായതാണ്. അവയിൽ പ്രധാനമായതു യിസ്രായേൽദേശം അവർക്കു സ്വന്തമായി കൊടുക്കുക എന്നുള്ളതാണ്. അതു ദൈവം നിവർത്തിക്കണമെങ്കിൽ ഭൗമികമായ ഒരു രാജ്യം യഥാസ്ഥാനത്താക്കിക്കൊടുത്തേ മതിയാകുകയുള്ളു. പിന്നത്തേതിൽ യിസ്രായേൽ അതിന്നായി കാത്തിരുന്നു. കർത്താവു് ഈ ഭൂമിയിൽ ആയിരുന്നപ്പോഴും ശിഷ്യന്മാർക്കുപോലും അതു പ്രതീക്ഷയായിരുന്നു. അതുനിമിത്തം അവർ പുനരുത്ഥാനശേഷവും കർത്താവിനോടു ചോദിച്ചു. പ്രവൃ. 1:6, 7:—

“ഒരുമിച്ചു കൂടിയിരുന്നപ്പോൾ അവർ അവനോട്: കർത്താവേ നീ യിസ്രായേലിന് ഈ കാലത്തിലോ രാജ്യം യഥാസ്ഥാനത്താക്കിക്കൊടുക്കുന്നതു് എന്നു ചോദിച്ചു. അവൻ അവരോട്: പിതാവു തൻെറ സ്വന്തഅധികാരത്തിൽ വെച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയോ അറിയുന്നതു നിങ്ങൾക്കുള്ളതല്ല”.

ഈവിധം ഒരു ചോദ്യം ചോദിച്ചപ്പോൾ നിങ്ങളുടെ ധാരണയും പ്രതീക്ഷയും തെററാണ് എന്നു പറഞ്ഞു തിരുത്തിയില്ല. അതിന്നു പ്രത്യേകസമയം വെച്ചിട്ടുണ്ടു്. അതു് നിങ്ങൾ ഇപ്പോൾ അറിയേണ്ടാ എന്നു പറഞ്ഞതേയുള്ളു. അതും എപ്പോൾ ആണെന്നും എത്രകാലം ഉണ്ടായിരിക്കും എന്നതുമാണ് വെളി. 20:1–10 വരെ കാണിച്ചതു്. ആകയാൽ സഹസ്രാബ്ദവാഴ്ച എന്ന ഒന്നു് ഉണ്ടു്. അതു് അക്ഷരീയവാഴ്ചയാണ്. അതു ഭൂമിയിൽതന്നെയാണ്. അതു കർത്താവും വിശുദ്ധന്മാരുമായി

ണ്. അപ്പോഠം യിസ്രായേലിനോടുള്ള ദൈവത്തിൻെറ വാഗ്ദത്തം നിറവേറും എന്നതു നിശ്ചയമാണ്.

## 2) യിസ്റായേൽദേശത്തിൻെറ വിസ്തീർണ്ണം

മൂന്നു വാഗ്ദത്തങ്ങഠം ഉണ്ടു്. ഒന്നു് അബ്രാഹാമിനോടു ദൈവം ചെയ്തതാണ്. ഉല്പ. 15:18–21:—

"അന്നു യഹോവ അബ്രാമിനോടു് ഒരു നിയമം ചെയ്തു. നിൻെറ സന്തതിക്ക ഞാൻ മിസ്രയീംനദി തുടങ്ങി ഫ്രാത്തു് നദിയായ മഹാനദിവരെയുള്ള ഈ ദേശത്തെ,.....തന്നിരിക്കുന്നു എന്നു് അരുളിചെയ്തു".

അതു മഹാവിസ്തൃതിയുള്ള ഭാഗമാണ്. അത്രയും സ്ഥലം സ്വാതന്ത്ര്യപ്പെടുത്തിക്കൊടുത്തേ മതിയാകുകയുള്ളു. രണ്ടാമത്തേതു് മോശെയോടു പറഞ്ഞതാണ്. പുറ. 23:31:—

"ഞാൻ നിൻെറ ദേശം ചെങ്കടൽ തുടങ്ങി ഫെലിസ്ത്യരുടെ കടൽവരെയും മരുഭൂമി തുടങ്ങി നദിവരെയും ആക്കും;......".

മൂന്നാമത്തേതു് യെഹെ. 47:13 മുതൽ 48:35 വരെയും കൃത്യമായി പറയുന്ന സ്ഥലമാണ്. അതു പന്ത്രണ്ടു ഗോത്രങ്ങഠംക്കും വിഭജിക്കുവാൻ ദൈവം കാണിച്ചുകൊടുത്തതാണ്. ഈ മൂന്നു ഭാഗങ്ങളും കൂട്ടിപ്പഠിക്കുമ്പോഠം ലഭിക്കുന്നതു് ആയിരം ആണ്ടിൻെറ ആരംഭത്തിൽ യെഹെ. 47—ലെ അതിർ വിവരപ്രകാരം ദേശം ഭാഗിക്കുമെന്നും ജനം വർദ്ധിച്ചുവരുമ്പോഠം ചെങ്കടൽ തുടങ്ങി യൂഫ്രട്ടീസ്നദിവരെയും ഉള്ള ഭാഗം അവക്കു് അവകാശമായിക്കൊടുക്കുമെന്നുമാണ്. അവർക്കായുള്ള ഭാഗം ദൈവം വേർതിരിച്ചശേഷം ബാക്കി ഭാഗമേ ജാതികഠംക്കായി അവകാശം കൊടുത്തുള്ളൂ എന്നു് ആവ. 32:8–ൽ പറയുന്നു.

"മഹോന്നതൻ ജാതികഠംക്കു് അവകാശം വിഭാഗിക്കയും മനുഷ്യപുത്രന്മാരെ വേർപിരിക്കയും ചെയ്തപ്പോഠം അവൻ യിസ്രായേൽമക്കളുടെ എണ്ണത്തിനു തക്കവണ്ണം ജാതികളുടെ അതൃത്തികളെ നിശ്ചയിച്ചു".

ഇവയും ഇതുപോലെയും ഉള്ള വാഗ്ദത്തങ്ങൾ ആത്മീകമല്ല; അക്ഷരികവും ഭൗമികവുമാണ്. അവ നിവർത്തിക്കണമെങ്കിൽ ഒരു പ്രത്യേക വാഴ്ചക്കാലവും സ്വാതന്ത്ര്യവും ഒരുക്കിക്കൊടുത്തേ മതിയാകുകയുള്ളൂ.

3) തൻെറ ദാസന്മാരോടു കർത്താവു പറഞ്ഞപ്പോഴും വാഴ്ചസ്സുള്ള വാഗ്ദത്തങ്ങൾ തന്നിട്ടുണ്ട്. മത്താ. 25: 21, 23; ലൂ. 19:17, 19; 22:30; മത്താ. 19:28. ഈ വാഗ്ദത്തങ്ങൾ നിറവേററണമെങ്കിൽ സഹസ്രാബ്ദവാഴ്ച ഉണ്ടായെങ്കിലേ മതിയാകുകയുള്ളൂ.

4) അപ്പോസ്തലോപദേശത്തിലും അതു് ഉണ്ട്. 2 തിമൊ. 2:11:—

"നാം അവനോടുകൂടെ മരിച്ചു എങ്കിൽ ജീവിക്കും; സഹിക്കുന്നു എങ്കിൽ കൂടെ വാഴും".

ജയാളികൾ വാഴണമെങ്കിൽ അതിനുള്ള രാജ്യവും ജനവും ഉണ്ടായെങ്കിലേ സാധിക്കുകയുള്ളു. ആകയാൽ ഒരു വാഴ്ചക്കാലം വേണം.

5) കർത്താവിൻെറ ഒരു വാഗ്ദത്തം നിറവേറണമെങ്കിലും ഭൂമിയിൽ അക്ഷരീയമായ ഒരു വാഴ്ചക്കാലം ഉണ്ടായേ മതിയാകുകയുള്ളു. മത്താ. 5:5:—

"സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും".

അവകാശമാക്കുവാൻ ഭൂമി സ്വതന്ത്രമായിക്കിട്ടണമല്ലൊ. പൂർണ്ണസ്വതന്ത്രമായിക്കിട്ടുകയും ഒരു വാഴ്ച ആയിരമാണ്ടുകാലം ചെയ്യുന്നതുമാണ് വെളി. 20—ൽ കാണുന്നതു്.

## സഹസ്റാബ്ദാനുഗ്രഹങ്ങൾ

ഭൗമികവും അക്ഷരീയവുമായ പല വാഗ്ദത്തങ്ങൾ പ്രവചനങ്ങളായി പഴയനിയമ പ്രവചനങ്ങളിൽ കിടപ്പു

ണ്ടു്. അവ എത്രകാലം ഉണ്ടായിരിക്കും എന്നും എങ്ങനെ നിറവേറും എന്നും എപ്പോഠം നിറവേറും എന്നുമാണു് വെളി. 20:1–10 വരെ കാണിച്ചതു്. അവയിൽ 4–6 വരെ വാക്യങ്ങളാണു വാഴ്ചയെക്കുറിച്ചു പറഞ്ഞിട്ടുള്ളതു്. അവയിൽ സാക്ഷാൽ വാഴുന്നവൻ ക്രിസ്തുവാണു് എന്നു പറഞ്ഞിരിക്കുന്നു. തന്നോടുകൂടെ വാഴുന്നവർ ആരെല്ലാമെന്നും അവിടെ കാണാം. മഹാപീഡനകാല രക്തസാക്ഷികഠം ഉയിർക്കുന്നതിനുമുമ്പു് ന്യായാസനങ്ങഠം വസ്തുകയും അവയിൽ ആളുകഠം ഇരിക്കുകയും ന്യായവിധിയുടെ അധികാരം പ്രാപിക്കുകയുംചെയ്തവരെ കാണുന്നു. അവർ:—

1) 12 അപ്പോസ്തലന്മാർ യിസ്രായേലിലെ പന്ത്രണ്ടുഗോത്രങ്ങളിൽ ഭരണംചെയ്യും. മത്താ. 19:28; ലൂ. 22: 30.

2) ജയാളികളായ ഇന്നത്തെ വിശ്വാസികഠം. 2 തിമൊ. 2:11; ലൂ. 19:17, 19; വെളി. 2:26—29; സങ്കീ. 45:16.

3) പഴയനിയമ വിജയികഠം:— മോശെ പ്രതിഫലം നോക്കി. എബ്രാ. 11:25. ദാനിയേൽ ഓഹരിപ്രാപിക്കും. ദാനി. 12:3, 12; യെശ. 49:4; സങ്കീ. 19:11.

4) പീഡനകാല രക്തസാക്ഷികളും ഉയിർത്തെഴുന്നേറ്റു വാഴും എന്നു കാണുന്നു. വെളി. 20:4. ഈ വാഴ്ചയിലെ അനുഗ്രഹങ്ങഠം എന്തെല്ലാം എന്നു നോക്കാം:—

1) <u>സാത്താൻ കാണുകയില്ല.</u> വെളി. 20:1-3. അവനെ അഗാധകൂപത്തിൽ ബന്ധിച്ചിരിക്കും.

2) <u>സാത്താന്യഗണങ്ങഠം ബന്ധിക്കപ്പെട്ടിരിക്കും.</u> യെശ. 24:21, 22; സെഖ. 13:2.

3) <u>വിഗ്രഹസേവയും വിഗ്രഹവും ഇല്ല.</u> സെഖ. 13: 2; മീഖാ. 5:13, 14; യെശ. 2:21; 17:7, 8.

4) മിഥ്യാമൂർത്തികളും ക്ഷുദ്രപ്രയോഗങ്ങളും ഒന്നും കാണുകയില്ല. യെശ. 2:18; മീഖാ 5:12; യെഹെ. 13:23.

**7) മണ്ഡലമാററം :—** ഈ ഭൂമിക്കുമുകളിലുള്ള ആകാശത്തട്ടുകളിൽ ഒന്നു മഹാപീഡനകാലത്തു മാറിപ്പോകും. (ഒരു ആകാശം എന്നാണു ഗ്രീക്കിൽ) വെളി. 6:14. ആ സ്ഥാനത്തു മറെറാരു മണ്ഡലം വരും. യെശ. 4:5.

"യഹോവ സീയോൻപർവ്വതത്തിലെ സകലവാസസ്ഥലത്തിന്മേലും അതിലെ സഭായോഗങ്ങളിന്മേലും പകലിന്നു ഒരു മേഘവും പുകയും രാത്രിക്കു അഗ്നിജ്വാലയുടെ പ്രകാശവും സൃഷ്ടിക്കും; സകല തേജസ്സിന്നും മീതെ ഒരു വിതാനം ഉണ്ടായിരിക്കും."

യെരൂശലേമിന്നു മുകളിൽ മേഘസ്തംഭവും അഗ്നിസ്തംഭവും ഉണ്ടായിരിക്കും. അവയെല്ലാം മുകളിൽ ഒരു പ്രത്യേകവിതാനം അഥവാ ആകാശത്തട്ടു ഉണ്ടാകും. അതിൻെറ ഫലമായി പല മാററങ്ങളും അനുഗ്രഹങ്ങളും ഉണ്ടാകും.

**8) പ്രകാശവർദ്ധനവു്.** യെശ. 30:26 :—

"യഹോവ തൻെറ ജനത്തിൻെറ മുറിവു കെട്ടുകയും അവരുടെ അടിപ്പിണർ പൊറുപ്പിക്കുകയും ചെയ്യുന്ന നാളിൽ ചന്ദ്രൻെറ പ്രകാശം സൂര്യൻെറ പ്രകാശംപോലെയാകും; സൂര്യൻെറ പ്രകാശം ഏഴു പകലിൻെറ പ്രകാശംപോലെ ഏഴിരട്ടിയായിരിക്കും."

സൂര്യചന്ദ്രന്മാരുടെ പ്രകാശവും ചൂടും ക്രമീകൃതമാക്കിവിടുന്നതു് ആകാശത്തട്ടുകളുടെ ക്രമീകരണംകൊണ്ടാണു്. ഒരു ആകാശത്തട്ടു ക്രമീകരിക്കുന്നതോടുകൂടെ ഈവിധമായ പ്രകാശവർദ്ധനവു് ഉണ്ടാകും. ചൂടു് വർദ്ധിക്കുകയില്ല; പ്രകാശം വർദ്ധിക്കുകയാണു്. അതു് മനുഷ്യൻെറ ആരോഗ്യവർദ്ധനവിനും ആയുർദൈർഘ്യത്തിന്നും ഇടയാകും.

**9) ഭൂപ്രകൃതിയുടെ മാററം**

ആകാശമണ്ഡലമാററവും വെളിച്ചവർദ്ധനവുംകൊണ്ടു ഭൂമിയുടെ പ്രകൃതി മാറിവരും. യെശ. 35:1, 2, 6, 7; 29:17; 32:35; 51:3:—

കൃഷികാരംകരം വിളവിൻെറ കാലം ഇന്നത്തേതിൽനിന്നും കുറയുമെന്നു കരുതാം. പല പുകൃഷി നടക്കും. ക്രിസ്താബ്ദം ഒന്നാംനൂററാണ്ടിൻെറ ഒടുവിൽ ജീവിച്ചിരുന്നവനായി കരുതപ്പെടുന്ന ബാത്രുക് "ഭൂമി പതിനായിരംമടങ്ങു വിളവു നൽകും" എന്നു് എഴുതിയിരിക്കുന്നതായി ഒരാരം ഉദ്ധരിക്കുന്നു.

ഇന്നത്തെ കരഭാഗം 3584 കോടി ഏക്കറാണു്. ഇത്രയും കരഭാഗംകൊണ്ടു് അനേകായിരംകോടി മനുഷ്യർക്ക സുഭിക്ഷമായിക്കഴിയുവാൻ അന്നു സാധിക്കും. എത്ര ജനവർദ്ധനവുണ്ടായാലും അതു പ്രശ്നമായിരിക്കുകയില്ല. സൂര്യചന്ദ്രന്മാരുടെ പ്രകാശവർദ്ധനവുനിമിത്തം ഉത്തരദക്ഷിണ ധ്രുവങ്ങരംവരെ ജനനിവാസത്തിന്നു് ഉതകുകയുംചെയ്യും. ഇന്നത്തെ രാജ്യാതിരുകളുംമററും അന്നു മാററും. കർത്താവിൻെറ ഇഷ്ടാനുസരണം ജനത്തെ കുടിനീക്കിപ്പാർപ്പിക്കും; യോസേഫു മിസ്രയീമിൽ ചെയ്തതുപോലെ. ഉല്പ. 47: 21. അങ്ങനെ അതിൻെറ പ്രശ്നം പരിഹരിക്കപ്പെടും.

## 11) മുന്തിരികൃഷി

മുന്തിരികൃഷി യിസ്രായേലിൽ വളരെ ആയിരിക്കും. അങ്ങനെ തെളിയിക്കുന്ന വാക്യങ്ങരം ഉണ്ടു്. ലോകമെങ്ങും അതു് ഇന്നത്തെക്കാരം വളരെ കൂടുതലായിട്ടുണ്ടായിരിക്കുകയും ചെയ്യും. യോവേ. 3:18; മീഖാ. 4:4.

"അന്നാളിൽ പർവ്വതങ്ങരം പുതുവീഞ്ഞു പൊഴിക്കും......"

"അവർ ഓരോരുത്തൻ താന്താൻെറ മുന്തിരിവള്ളിയുടെ കീഴിലും അത്തിവൃക്ഷത്തിൻെറ കീഴിലും പാർക്കും......".

ഈ വിധം പറയത്തക്കവിധം അതു വർദ്ധനവിലായിരിക്കും. ഇവ വെച്ചുകൊണ്ടായിരിക്കും ഏ ഡി. 80–163 വരെ ജീവിച്ചിരുന്ന ഹിരാപ്പോലിസിലെ ബിഷപ്പായ പേപ്പിയസ് സഹസ്രാബ്ദയുഗത്തിലെ ഫലപുഷ്ടിയെക്കുറിച്ചു് ഈ വിധം വർണ്ണിച്ചിരിക്കുന്നു. (Fragment IV, VI) :—

"മുന്തിരിവള്ളി ഓരോന്നിനം 10,000 ശാഖകളും ഓരോ ശാഖയിലും 10,000 വള്ളിത്തലകളും ഓരോ തലയിലും 10,000 കുലകളും ഓരോ കുലയിലും പതിനായിരം മുന്തിരിപ്പഴങ്ങളും ഓരോ പഴത്തിൽനിന്നും ഓരോകുടം വീഞ്ഞും ലഭിക്കുന്ന കാലം വരും".

ഇത് അതിശയോക്തിയായാലും പൂർവ്വപിതാക്കന്മാരും ഇതു വിശ്വസിച്ചിരുന്നു എന്നുവരുന്നു. ഏതായാലും മുന്തിരിവള്ളികൾ, അതിന്റെകീഴിൽ മനുഷ്യർ പാർക്കത്തക്കവിധം പടർന്നുപിടിക്കുന്നതും ധാരാളം വീഞ്ഞു നൽകുന്നതുമായിരിക്കും.

## 12) അത്തിവൃക്ഷം

മീഖാ. 4:4; സെഖ. 3:10 ഇവയിൽ അത്തിവൃക്ഷത്തെക്കുറിച്ചു പറയുന്നുണ്ട് :—

"അവർ ഓരോരുത്തൻ താന്താന്റെ മുന്തിരിവള്ളിയുടെ കീഴിലും അത്തിവൃക്ഷത്തിന്റെ കീഴിലും പാർക്കും; ആരും അവരെ ഭയപ്പെടുത്തുകയില്ല; സൈന്യങ്ങളുടെ യഹോവയുടെ വായ് അതു അരുളിച്ചെയ്തിരിക്കുന്നു".

യിസ്രായേൽ പാർക്കുവാൻ വീടുകളും വേണമെന്നില്ല. അത്തിവൃക്ഷവും മുന്തിരിവള്ളിയും വീടുപോലെതണലും അഭയവും തരുന്നതായിരിക്കും. ശത്രുക്കൾ ഇല്ലല്ലോ.

"അന്നാളിൽ നിങ്ങൾ ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനെ മുന്തിരിവള്ളിയുടെ കീഴിലേക്കും അത്തിവൃക്ഷത്തിന്റെ കീഴിലേക്കും ക്ഷണിക്കും എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാട്".

അബ്രാഹാം വൃക്ഷച്ചുവട്ടിൽ അതിഥികളെ ശുശ്രൂഷിച്ചുനിന്നതുപോലെ പലസ്തീൻമുഴുവൻ ആയിരിക്കും. ഗൃഹനിർമ്മാണപ്രശ്നം കുറവായിരിക്കും.

## 13) ഒലിവുവൃക്ഷം

ഹഗ്ഗായി 2:19:—"... മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളവും ഒലിവുമരവും കായ്ക്കുന്നില്ലയോ? ഇന്നുമുതൽ ഞാൻ നിങ്ങളെ അനുഗ്രഹിക്കും"

ഇതു പ്രവാചക ദർശന പ്രവചനമായി അക്കാലത്തു നിറവേറും.

## 14) കന്നുകാലികളുടെ സ്ഥിതി

കന്നുകാലികളുടെ വളർച്ചയും പുഷ്ടിയും അവയിൽ നിന്നും ലഭിക്കുന്ന പാലിൻ്റെ അളവും വർദ്ധിച്ചിരിക്കും.

"അന്നാളിൽ ഒരുത്തൻ ഒരു പശുക്കിടാവിനെയും രണ്ടു ആടിനെയും വളർത്തും. അവയെ കറന്നുകിട്ടുന്ന പാലിൻ്റെ പെരുപ്പം കൊണ്ടു അവൻ തൈരുതന്നേ കൊററുകഴിക്കും; ദേശത്തു ശേഷിച്ചിരിക്കുന്ന ഏവരുടേയും ആഹാരം തൈരും തേനും ആയിരിക്കും" യെശ. 7:21, 22.

"കുന്നുകൾ പാൽ ഒഴുക്കും" യോവേ. 3:18.

കന്നുകാലികൾ ഇത്തരം പുഷ്ടി വെക്കുവാനുള്ള കാരണം യെശ. 30:23, 24 ഇവയിൽ കാണുന്നുണ്ടു. പാലും തേനും ഒഴുകുന്ന ദേശമായി കനാനെക്കുറിച്ചു ദൈവം പറഞ്ഞുവല്ലൊ.

## 15) മുള്ളില്ലായ്മ

ദൈവം ഭൂമിയെ സൃഷ്ടിച്ചപ്പോൾ അതിൽ മുൾച്ചെടി ഇല്ലായിരുന്നു. മനുഷ്യൻ്റെ പാപം നിമിത്തം മുൾച്ചെടിയുണ്ടായി. ഉല്പ. 3:18. ഈ ശാപം നീങ്ങുവാനായി കർത്താവു തൻ്റെ തലയിൽ മുൾക്കിരീടം വഹിച്ചു പരിഹാരം ഉണ്ടാക്കി. ഇനി സൃഷ്ടികളുടെ വീണ്ടെടുപ്പിൻ്റെ ആരംഭമായി സഹസ്രാബ്ദ ഭൂമിയിൽ മുള്ളിന്നു പകരം സരളവൃക്ഷം മുളെക്കും. യെശ. 55:13:—

"മുള്ളിന്നു പകരം സരളവൃക്ഷം മുളെക്കും; പറക്കാരയ്ക്കു പകരം കൊഴുന്തു മുളെക്കും; അതു യഹോവെക്കു ഒരു കീർത്തിയായും ഛേദിക്കപ്പെടാത്ത ശാശ്വതമായോരു അടയാളമായും ഇരിക്കും."

## 16) ജന്തുലോകം

ജന്തുക്കളുടെ സ്വഭാവം സൗമ്യമായി മാറും. അവയുടെയും വീണ്ടെടുപ്പു നിറവേറിയവിധം സ്വഭാവമാററം ഉണ്ടാകും. യെശ. 11:6-9

"ചെന്നായ് കുഞ്ഞാടിനോടുകൂടെ പാർക്കും; പുള്ളിപ്പുലി കോലാട്ടുകുട്ടിയോടുകൂടെ കിടക്കും; പശുക്കിടാവും ബാലസിംഹവും തടിപ്പിച്ച മൃഗവും ഒരുമിച്ചു പാർക്കും; ഒരു ചെറിയ കുട്ടി അവയെ നടത്തും. പശു കരടിയോടുകൂടെ മേയും; അവയുടെ കുട്ടികൾ ഒരുമിച്ചുകിടക്കും; സിംഹം കാള എന്നപോലെ വൈക്കോൽ തിന്നും. മുല കുടിക്കുന്ന ശിശു സർപ്പത്തിൻെറ പോതിങ്കൽ കളിക്കും; മുല കുടി മാറിയ പൈതൽ അണലിയുടെ പൊത്തിൽ കൈ ഇടും......".

## 17 സർപ്പലോകം

സർപ്പത്തിൻെറ സ്വഭാവം മാറും എന്നു മുൻഭാഗത്തു കണ്ടുവല്ലൊ. കുഞ്ഞുങ്ങൾക്കു പിടിച്ചുകളിക്കുവാൻതക്കവിധം സ്വഭാവം മാറും. വിഷവും ഇല്ലാതാകും. എങ്കിലും അതിൻെറ പൊടിതിന്നുന്ന നിലയ്ക്കു മാററംവരികയില്ലാ എന്നു് യെശ. 65:25–ൽ കാണുന്നു.

"......സർപ്പത്തിന്നു പൊടി ആഹാരമായിരിക്കും......"

ഹവ്വയെ ലൂസിഫെർ ചതിക്കുവാൻ സർപ്പമാണു് ഇടംകൊടുത്തതു്. ആകയാൽ സർപ്പത്തിൻെറ ശാപം സഹസ്രാബ്ദത്തിലും മാറുകയില്ല എന്നു വിചാരിക്കപ്പെടുന്നു.

## 18. ജനവർദ്ധനവു്

മഹാപീഡനകാലത്തെ നാശങ്ങൾനിമിത്തം ജനം വളരെ കുറവായിരിക്കും സഹസ്രാബ്ദാരംഭത്തിൽ. സെഖ. 13:8; യെശ. 24:1–6:—

"എന്നാൽ സർവ്വദേശത്തിലും മൂന്നിൽരണ്ടംശം ഛേദിക്കപ്പെട്ടു പ്രാണനെ വിടും; മൂന്നിൽ ഒരംശം ശേഷിച്ചിരിക്കും എന്നു യഹോവയുടെ അരുളപ്പാടു്".

"യഹോവ ഭൂമിയെ നിർജ്ജനവും ശൂന്യവുമാക്കി കീഴ്മേൽ മറിക്കയും അതിലെ നിവാസികളെ ചിതറിക്കയുംചെയ്യും. ഭൂമി അശേഷം നിർജ്ജനമായും കവർച്ചയായും പോകും. യഹോവയല്ലൊ ഈ വചനം അരുളിച്ചെ

യ്തിരിക്കുന്നതു്....ചുരുക്കംപേർമാത്രം ശേഷിച്ചിരിക്കുന്നു."

അങ്ങനെ ശേഷിക്കുന്ന ജനം ഹർമ്മഗെദ്ദോൻയുദ്ധം കഴിഞ്ഞു ശേഷിക്കുന്നവരും ആണു്. തന്നിമിത്തം പുരുഷന്മാർ വളരെ മരിച്ചിട്ടു വിധവമാർ വളരെ പെരുകിയതായി കാണും. യെശ. 13:12; യിരെ. 15:8:—

"ഞാൻ ഒരു പുരുഷനെ തങ്കത്തെക്കാളും ഒരു മനുഷ്യനെ ഓഫീർതങ്കത്തെക്കാളും ദുർല്ലഭമാക്കും".

"അവരുടെ വിധവമാർ കടൽപ്പുറത്തെ മണലിനെക്കാളും പെരുകിക്കാണുന്നു......".

ഇത്രയും ദുർല്ലഭമായിപ്പോകുന്ന ജനസംഖ്യ വർദ്ധിച്ചുവരും. അതിന്നായി ആദ്യം ബഹുഭാര്യാത്വം അനുവദിച്ചിരിക്കും എന്നു കാണുന്നു. യെശ. 4:1:—

"അന്നു് ഏഴു സ്ത്രീകൾ ഒരു പുരുഷനെപ്പിടിച്ചു; ഞങ്ങൾ സ്വന്തംവകകൊണ്ടു് അഹോവൃത്തികഴിക്കയും സ്വന്ത വസ്ത്രം ധരിക്കയും ചെയ്തുകൊള്ളാം; നിന്റെ പേർമാത്രം ഞങ്ങൾക്കു് ഇരിക്കട്ടെ; ഞങ്ങളുടെ നിന്ദ നീക്കിക്കളയേണമേ എന്നു പറയും".

ആവിധം കുടുംബസംവിധാനം ക്രമമാകുന്നതിനാൽ അന്നത്തെ അനുഗ്രഹങ്ങളുടെ ഫലമായി ജനം വേഗം വർദ്ധിച്ചുപെരുകും. അതിന്റെ ഫലമായി ഓരോ കുടുംബവും ആയിരം പതിനായിരമായും ജാതികളായും വർദ്ധിക്കും. യെശ. 60:22:—

"കുറഞ്ഞവൻ ആയിരവും ചെറിയവൻ മഹാജാതിയും ആയിത്തീരും; യഹോവയായ ഞാൻ തക്കസമയത്തു് അതിനെ ശീഘ്രമായി നിവർത്തിക്കും".

## 19) ജനത്തിന്റെ സുഖസ്ഥിതി

യെശ. 35:5, 6; മലാ. 4:2:—

"അന്നു കുരുടന്മാരുടെ കണ്ണു തുറന്നുവരും; ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കയുമില്ല. അന്നു മുടന്തൻ മാനിനെപ്പോലെ ചാടും;

"എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതിസൂര്യൻ തന്റെ ചിറകിൻകീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും; നിങ്ങളും പുറപ്പെട്ടു തൊഴുത്തിൽനിന്നു വരുന്ന പശുക്കിടാക്കളെപ്പോലെ തുള്ളിച്ചാടും"

മലാ. 4:2 പോലെയായിരിക്കും യിസ്രായേലിലെ ആരോഗ്യസ്ഥിതി. മററു മിക്കവാറും മനുഷ്യന്റെ സ്ഥിതിയുമായിരിക്കും. കുരുടനും ചെകിടനും മുടന്തനും ഊമനും കാൺകയില്ല. മനുഷ്യർ ആബാലവൃദ്ധം അംഗഭംഗമില്ലാത്തവരായിരിക്കും. യിസ്രായേലിൽ മിക്കവാറും രോഗികൾ കാണുകയില്ല. യെശ. 18:19-ം നോക്കുക. ജാതികൾക്കു രോഗമുണ്ടായാൽ ജീവജലനദിയുടെ തീരത്തുള്ള വൃക്ഷങ്ങളുടെ ഇല ചികിൽസയ്ക്കു മതിയാകും.

## 20) ചികിത്സാസമ്പ്രദായം

അങ്ങനെ ചികിത്സയും കാണും. യെഹെ. 47:12:—

"......അവയുടെ ഫലം തീൻപാനും അവയുടെ ഇല ചികിത്സയ്ക്കും ഉതകും".

എങ്കിലും രോഗവും മരണവും വളരെ കുറവായിരിക്കും.

## 21) ആയുസ്സിന്റെ വർദ്ധനവ്

യെശ. 65:20—22; സെഖ. 8:4—6:—

"കുറെ ദിവസം മാത്രം ജീവിക്കുന്ന കുട്ടിയും, ആയുസ്സ് തികയാത്ത വൃദ്ധനും അവിടെ ഇനി ഉണ്ടാകയില്ല; ബാലൻ നൂറുവയസ്സു പ്രായമുള്ളവനായി മരിക്കും... എന്റെ ജനത്തിന്റെ ആയുസ്സ് വൃക്ഷത്തിന്റെ ആയുസ്സുപോലെ ആകും........".

"സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഇനിയും യെരൂശലേമിന്റെ വീഥികളിൽ വൃദ്ധന്മാരും വൃദ്ധമാരും ഇരിക്കും; വാർദ്ധക്യംനിമിത്തം ഓരോരുത്തൻ കൈയിൽ വടി പിടിക്കും........"

ഈ വിധം ആയുസ്സ് വർദ്ധിക്കുകയും മരണം കുറയുകയും ചെയ്യും. നൂറു വയസ്സായവനെ ബാലൻ എന്നു പറയും.

ആയിരം വയസ്സാകുമ്പോഴേ വൃദ്ധൻ ആകുകയുള്ളു എന്നു കരുതാം. മരണം ഉണ്ടെങ്കിലും വളരെ കുറവായിരിക്കും. അന്നു 'കാലൻ കാത്തുനിന്നു കോട്ടുവായിടും' എന്നു മഹാകവി കെ. വി. സൈമൺ അവർകൾ പറഞ്ഞുവന്നതുപോലെയായിരിക്കും.

ഇവയുടെ ഫലമായി ആയിരം ആണ്ടിൻെറ ഒടുവിൽ ഭൂമിയിൽ ജനം നിറഞ്ഞുവരും.

## 22) യിസ്രായേലിൻെറ കൂട്ടിച്ചേർപ്പ്

ഇന്നു രണ്ടുകോടിയോളം യഹൂദന്മാർ അഥവാ യിസ്രായേല്യർ ഭൂമിയിൽ ഉണ്ട്. അവരിൽ എട്ടിലൊന്നു ഭാഗംമാത്രമെ പലസ്തീനിൽ എത്തിച്ചേർന്നിട്ടുള്ളു. ശേഷം യിസ്രായേല്യർകൂടെ മടങ്ങി എത്തണം. യിസ്രായേല്യരായി അറിയപ്പെടാത്തവരും തിരിച്ചറിയപ്പെടുകയും മടങ്ങിവരികയും ചെയ്യും. അതിനെക്കുറിച്ചു പല വചനങ്ങൾ പറയുന്നുണ്ട്.

"യെശ. 27:11,12:— യിസ്രായേൽ മക്കളേ നിങ്ങളെ ഓരോന്നായി പെറുക്കിഎടുക്കും. അന്നാളിൽ മഹാകാഹളം ഊതും; അശ്ശൂർദേശത്തു നഷ്ടരായവരും മിസ്രയീംദേശത്തു ഭ്രഷ്ടരായവരും വന്നു യെരൂശലേമിലെ വിശുദ്ധപർവ്വതത്തിൽ യഹോവയെ നമസ്കരിക്കും".

യെശ. 11:11—16:— "അന്നാളിൽ കർത്താവു തൻെറ ജനത്തിൽ ശേഷിച്ചിരിക്കുന്ന ശേഷിപ്പിനെ അശ്ശൂരിൽനിന്നും പത്രോസിൽനിന്നും കൂശിൽനിന്നും ഏലാമിൽനിന്നും ശിനാരിൽനിന്നും ഹമാത്തിൽനിന്നും സമുദ്രത്തിലെ ദ്വീപുകളിൽനിന്നും വീണ്ടുകൊൾവാൻ രണ്ടാംപ്രാവശ്യം കൈനീട്ടും. അവൻ ജാതികൾക്കു ഒരു കൊടി ഉയർത്തി യിസ്രായേലിൻെറ ഭ്രഷ്ടന്മാരെ ചേർക്കുകയും യഹൂദയുടെ ചിതറിപ്പോയവരെ ഭൂമിയുടെ നാലുദിക്കുകളിൽനിന്നും ഒന്നിച്ചുകൂട്ടുകയും ചെയ്യും".

ഇവയെല്ലാം അക്ഷരീയമായിട്ടല്ലാതെ ആത്മികമായി വ്യാഖ്യാനിക്കപ്പെടേണ്ടവയല്ല. ആകയാൽ നടന്നേമതി

യാകുകയുള്ളു. യെശ. 66:18–21; 49:19–23; 14:1,2; മത്താ. 24:31 ഇവയും നോക്കുക. കർത്താവു ഭൂമിയിലേക്കു വരുമ്പോഴും ഇന്നുള്ള യിസ്രായേൽ എല്ലാവരും രക്ഷിക്കപ്പെടും. പിന്നീടു ഭൂമിയിലെങ്ങും ചിതറിയിരിക്കുന്നവരെ കൂട്ടിച്ചേർക്കും.

## 23) ഭരണകൂടം

കർത്താവു് ഈ ഭൂമിയിൽവന്നു് യെരുശലേമിൽ തന്റെ സിംഹാസനം സ്ഥാപിക്കും. താൻ രാജാധിരാജാവായി അവിടെ വാഴും. തനിക്കുകീഴിൽ ലോകമെങ്ങും തന്റെ ദാസന്മാർ ഭരണം ചെയ്യും. യെശ. 32:1:—

"ഒരു രാജാവു നീതിയോടെ വാഴും; പ്രഭുക്കന്മാർ ന്യായത്തോടെ അധികാരം നടത്തും".

സങ്കീ. 45:16:— "നിന്റെ പുത്രന്മാർ നിന്റെ പിതാക്കന്മാർക്കുപകരം ഇരിക്കും; സർവ്വഭൂമിയിലും നീ അവരെ പ്രഭുക്കന്മാരാക്കും".

കർത്താവിന്റെ പുത്രന്മാർ എന്നതു് യോഹ. 1:12-ൻ പ്രകാരം നാം തന്നേ. തന്റെ പിതാക്കന്മാർ എന്നതു് മത്താ. 1—ൽ വിവരിക്കപ്പെടുന്നവിധം രാജവംശത്തിലാണു ക്രിസ്തു ജനിച്ചതു്. ആകയാൽ തന്റെ പിതാക്കന്മാർ രാജാക്കന്മാരാണു്. ആകയാൽ നമ്മെ ലോകമെങ്ങും രാജാക്കന്മാരാക്കും. അങ്ങനെ, കർത്താവു രാജാധിരാജാവും തന്റെ മക്കളായി സഭയിലെ ജയാളികൾ രാജാക്കന്മാരുമായിരിക്കും.

യിസ്രായേലിലെ 12 ഗോത്രങ്ങളിലും 12 അപ്പോസ്തലന്മാർ ന്യായപാലനംചെയ്യും. മത്താ. 19:28; ലൂ. 22:30. മററുജയാളികൾക്കാണു ലോകമെങ്ങും അവകാശം വിഭജിക്കുന്നതു്. 2 തിമൊ. 2:11; സങ്കീ. 45:16.